പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1213

12.03.2015 ൽ

മറുപടിക്ക്

## നെൽവയൽ നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച സുപ്രീംകോടതി കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ശ്രീ.എസ്.ശർമ്മ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ. ദാസൻ<br>ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ .അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2008 ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടോ; | (എ) | ശ്രീമതി ജലജ ദിലീപ് Vs RDO ഫോർട്ട് കൊച്ചി (WP(C) 11784/12) കേസ്സിലെ ബഹു.ഹൈക്കോടതി വിധിന്യായത്തിനെതിരെ സുപ്രീംകോടതി മുമ്പാകെ SLP നിലവിലുണ്ടായിരുന്നു. ഈ കേസിൽ സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് സർക്കാർ സമർപ്പിച്ച സത്യവാങ്മൂലം അവ്യക്തമാണെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ; | (ബി) | ഇതു സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലം അവ്യക്തമാണെന്ന് ആക്ഷേപമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത സത്യവാങ്മൂലം തയ്യാറാക്കിയത് ആരാണെന്ന് അറിയിക്കാമോ; ഇതിൽ പിന്നീട് ഭേദഗതി വരുത്തുകയോ സത്യവാങ്മൂലം പൂർണ്ണമായും മാറ്റുകയോ ചെയ്തിട്ടുണ്ടോ; | (സി) | ബഹു.സുപ്രീംകോടതി നിർദ്ദേശപ്രകാരം സർക്കാരിൽ നിന്നാണ് സത്യവാങ്മൂലം തയ്യാറാക്കി സമർപ്പിച്ചത്. സത്യവാങ്മൂലം ഫയൽ ചെയ്ത ശേഷം ആയതിൽ ഇതുവരെ ഭേദഗതി വരുത്തിയിട്ടില്ല. |
| (ഡി) | കോടതിയിൽ സമർപ്പിക്കുന്നതിനു മുമ്പ് ഇത് റവന്യൂ ഉദ്യോഗസ്ഥർ കണ്ടിരുന്നോ; അവരുടെ അറിവോടെയാണോ സമർപ്പിച്ചത്; ആരായിരുന്നു അതിൽ ഒപ്പിട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത സത്യവാങ്മൂലം റവന്യൂ ഉദ്യോഗസ്ഥർ കണ്ടിരുന്നതും അവരുടെ അറിവോടുകൂടിയുമാണ് റസിഡന്റ് കമ്മീഷണർ സർക്കാരിനുവേണ്ടി ബഹു.സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തത്.<br><br>സെക്ഷൻ ഓഫീസർ |